"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് -അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിന്റെ കെട്ടിടത്തിന്റെ ഒരു ഭാഗം കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി ഏറ്റെടുത്ത ഇനത്തിൽ നഷ്ടപരിഹാരമായി 11,90,32,310/- രൂപ അനുവദിച്ച് ഉത്തരവാകുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.237/2025/DMD തീയതി,തിരുവനന്തപുരം, 10-04-2025

---

പരാമർശം:-

1. WP(C).No.15894& WP(C)No.19307/202 നമ്പർ കേസിലെ 14/12/2020 ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായം
2. ലാന്റ് റവന്യൂ കമ്മീഷണറുടെ 10/08/2023 ലെ എൽആർ/2811/2023-എൽആർ(എച്ച്1) നമ്പർ കത്ത്

**ഉത്തരവ്**

കോവിഡ് കാലയളവിൽ കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിന്റെ ഒരു ഭാഗം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കുകയുണ്ടായിയെന്നും, ഈ മെഡിക്കൽ കോളേജിലെ അധ്യാപകരും മറ്റും ഉൾപ്പെട്ട ഒരു വിഭാഗം ജീവനക്കാർ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ആവശ്യപ്പെട്ട് ബഹു. ഹൈക്കോടതി മുൻപാകെ സമർപ്പിച്ച WP(C).No.15894& WP(C)No.19307/2020 എന്നീ റിട്ട് പെറ്റീഷനുകളിന്മേൽ ഹൈക്കോടതി 14/12/2020 ൽ പുറപ്പെടുവിച്ച ഉത്തരവിൽ ടി മെഡിക്കൽ കോളേജ് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട നഷ്ടപരിഹാര ക്ലെയിം എന്തെങ്കിലും ഉണ്ടെങ്കിൽ ആയതു ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണർ മുൻപാകെ സമർപ്പിക്കുവാനും ക്ലെയിമുകൾ ജോയിന്റ് കമ്മീഷണർ പരിഗണിക്കുകയും, ബഹു.പരാതിക്കാരെ നേരിട്ട് കേട്ട് 4 മാസത്തിനുള്ളിൽ തീർപ്പാക്കുന്നതിനും ഉത്തരവായിരുന്നതുമാണ്.

ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണർ 10/5/2023 തീയതിയിൽ കണ്ണൂർ മെഡിക്കൽ കോളേജ് അധികാരികളെ നേരിൽ കേൾക്കുകയും 31/05/2023 ന് ഡി.എം.ഒ കണ്ണൂർ, ജില്ലാ കളക്ടർ എന്നിവരുമായി ഒരു ഓൺലൈൻ മീറ്റിംഗ് നടത്തുകയും അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിന്റെ ഒരു ഭാഗം ഏറ്റെടുത്ത കാലയളവിലെ നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിനായി ഡി എം ഒ, കണ്ണൂർ തഹസിൽദാർ, പി.ഡബ്ല്യൂ.ഡി, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.

കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ് 146,96,60,700/-രൂപയാണ് നഷ്ടപരിഹാരമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതെന്നും, നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി മേൽ വിഷയം പരിശോധിച്ച് കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിന് 11,90,32,310/- രൂപ നഷ്ടപരിഹാരമായി അനുവദിക്കുവാൻ ശുപാർശ

ചെയ്തിട്ടുണ്ടെന്ന് ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിന്റെ കെട്ടിടത്തിന്റെ ഒരു ഭാഗം കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി ഏറ്റെടുത്ത ഇനത്തിൽ നഷ്ടപരിഹാരമായി 11,90,32,310/-(പതിനൊന്ന്കോടി തൊണ്ണൂറ് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി മുന്നൂറ്റിപത്ത്) രൂപ സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245-02-101-94-01 F other items എന്ന ശീർഷകത്തിൽ നിന്ന് അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിന് അനുവദിച്ച് ഉത്തരവാകുന്നു. മേൽ തുക അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിന് അനുവദിക്കേണ്ട നടപടി കണ്ണൂർ ജില്ലാകളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ,കണ്ണൂർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 10-04-2025 11:04:43